"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. സുരേഷ് കുമാറിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1451/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04.08.2020

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.05.2016-ലെ ഇ2(എസ്.സി.70/15/കെഎൽഎം)27611/2015 നമ്പർ കത്ത്

2 സർക്കാരിന്റെ 19.09.2016-ലെ 162/ഇപിബി2/2016തസ്വഭവ നമ്പർ കുറ്റപത്രം

3 സർക്കാരിന്റെ 07.01.2017-ലെ 162/ഇപിബി2/2016തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. എസ്. സുരേഷ് കുമാർ സമർപ്പിച്ച 12.05.2017-ലെ പ്രതിവാദ പത്രിക

5 കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.03.2018-ലെ ഡി1-1764/2017നമ്പർ കത്ത്

6 പഞ്ചായത്ത് ഡയറക്ടറുടെ 21.6.2018 ലെ ഡി6/32987/16 നമ്പർ കത്ത്

7 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 01.01.2020-ലെ A1-3/44/2019-KPSC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് ക്രമക്കേടുകളെ സംബന്ധിച്ച ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർ ശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്കുത്തരവാദിയായ ചിതറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുരേഷ് കുമാറിന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. എന്നാൽ അച്ചടക്ക നടപടിയിന്മേൽ അന്തിമ തീരുമാനം എടുക്കുന്നതിനു മുൻപ് മുമ്പ് ടിയാൻ 31.03.2016-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേക്ക് കുറവ് വരുത്തുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എസ്. സുരേഷ്കുമാർ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രതിവാദ പത്രികയിന്മേൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. എസ്. സുരേഷ് കുമാർ ചിതറ ഗ്രാമപഞ്ചായത്തിൽ ജോലി നോക്കിയിരുന്ന കാലയളവിൽ 18/12/2014ൽ A3.5472/14-○○○ നമ്പരായി 185.42 ച.മീ വിസ്തീർണ്ണമുള്ള ഒരു കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകിയിട്ടുണ്ടെന്നും എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.04.2013-ലെ 3213/ആർ.എ.1/2012 നമ്പർ ഉത്തരവിന് വിരുദ്ധമായി സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കാതെയും പെർമിറ്റ് രജിസ്റ്ററിൽ

ഉൾപ്പെടുത്താതെയും പെർമിറ്റ് ഫീസ് ഈടാക്കിയാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നും തുടർന്ന് അസസ്മെന്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത കെട്ടിടത്തിലെ 5 കടമുറികൾക്ക് വാണിജ്യാവശ്യത്തിനും 129 ച.മീ. വിസ്തീർണ്ണമുള്ള ഭാഗത്തിന് റസിഡൻഷ്യൽ ഗണത്തിലും കെട്ടിട നമ്പർ നൽകി കെട്ടിട നികുതി ഈടാക്കിയിരുന്നുവെന്നും കെട്ടിടത്തിന് ആദ്യം പെർമിറ്റ് നൽകിയപ്പോൾ Rs.5/$m^2$ നിരക്കിൽ 927/-രൂപ ഈടാക്കേണ്ടതിന് പകരം 1850/- രൂപ ഈടാക്കിയിട്ടുള്ളതിനാലാണ് അധികരിച്ച് നിശ്ചയിച്ചിട്ടുള്ള ഭാഗത്തിന് റഗുലറൈസേഷൻ ഫീസ് അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ലാത്തതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സുരേഷ് കുമാർ സെക്രട്ടറിയായി ജോലി നോക്കിയിരുന്ന കാലയളവിൽ കടയ്ക്കൽ മടത്തറ പി.ഡബ്ല്യു.ഡി. റോഡിൽ ശ്രീമതി ഷിജി, ശ്രീ. അശോകൻ, ചരുവിള പുത്തൻവീട്, പേഴുംമൂട് എന്നയാളുടെ പേരിലുള്ള 2 കടമുറികളുള്ള കെട്ടിടത്തിന് നമ്പർ നൽകിയിട്ടുണ്ടെന്നും ടി കെട്ടിടത്തിന് 21.01.2015-ാം തീയതിയിലെ 11401107136-ാം നമ്പർ രസീത് പ്രകാരം 380/- രൂപ റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടുണ്ടെന്നും VIII/263-ാം നമ്പർ നൽകിയിട്ടുള്ള കെട്ടിടം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2011-ന് വിധേയമായി നിർമ്മിച്ചിട്ടുള്ളതാണെന്ന് സ്ഥലപരിശോധന നടത്തിയതിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ കെട്ടിടത്തിനെ സംബന്ധിച്ച അംഗീകൃത പ്ലാനോ മറ്റ് രേഖകളോ ഫയലിൽ ലഭ്യമല്ലായെന്നും അതിനാൽ ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിലാണ് സെക്രട്ടറി ശ്രീ. സുരേഷ് കുമാർ മേൽ കെട്ടിടം റെഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ നൽകിയിട്ടുള്ളതായി കാണാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാരണം കാണിക്കൽ നോട്ടീസിന് അടിസ്ഥാനമായ കെട്ടിട നമ്പർ ലഭ്യമല്ലാത്ത കെട്ടിടത്തിൽ തുമ്പമൺ തിരുവാതിര വീട്ടിൽ ശ്രീ. സാബു എന്നയാൾ താമസിച്ചുവരുന്നു എന്നുള്ളതും കെട്ടിടനികുതി ഈടാക്കുന്നില്ലായെന്നതും സെക്രട്ടറിയുടേയും ജീവനക്കാരുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും പരിശോധനയിൽ ടി കെട്ടിടത്തിന് നമ്പർ നൽകിയിട്ടുള്ളതായി കാണുന്നുവെന്നും 27.06.2016-ൽ ഈ കെട്ടിടത്തിന് V/09A നമ്പർ നൽകി 1404/- രൂപ കെട്ടിട നികുതി ചുമത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് കെട്ടിടനികുതി സ്വീകരിച്ചു വരുന്നതുമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ശ്രീ. എസ്. സുരേഷ്കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ടവേളയിൽ സെക്രട്ടറിയായി ജോലി നോക്കി വരുമ്പോൾ ജോലിഭാരം കാരണം എല്ലാ വിഷയവും സൂക്ഷ്മമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനു കഴിയുകയില്ലെങ്കിലും താൻ അറിഞ്ഞുകൊണ്ട് ഒരു വീഴ്ചയും വരുത്തിയിട്ടില്ലായെന്നും പെൻഷനിൽ നിന്നും തുക കുറവ് വരുത്തുന്നതിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ നിന്നും ശ്രീ. എസ്. സുരേഷ് കുമാറിന്റെ ഭാഗത്തു നിന്നും പെർമിറ്റ് അനുവദിക്കുന്ന കാര്യത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന് വ്യക്തമാകുന്നതിനാലും സർക്കാരിന്റെ 15.04.2013-ലെ 3213/RA-1/2012 നമ്പർ ഉത്തരവിലെ നിർദേശപ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് നൽകുന്നതിന് സാങ്കേതിക വിഭാഗത്തിന്റെ അനുമതി ആവശ്യമാണെന്നിരിക്കെ അനുമതിയും പരിശോധനയും ഇല്ലാതെ. പെർമിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താതെ ഫീസ് ഈടാക്കി പെർമിറ്റ് നൽകിയതും ടിയാന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്നതിനാലും സുഹൃത്തായ പോലീസുകാരൻ ഈ ആവശ്യത്തിനായി പഞ്ചായത്ത് ഓഫീസിൽ കയറിയിറങ്ങാതിരിക്കാനാണ് പോലീസുകാരന്റെ ഭാര്യയുടെ പേർക്കുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഇപ്രകാരം അനുമതി നൽകിയതെന്നുമുള്ള കുറ്റാരോപിതന്റെ മറുപടി ഒരുതരത്തിലും അംഗീകരിക്കാൻ കഴിയില്ല എന്നു കാണുന്നു.. മേൽ വസ്തുതകൾ പരിശോധിക്കുമ്പോൾ ശ്രീ. എസ്. സുരേഷ് കുമാറിനെതിരായ ആരോപണം തെളിയിക്കപ്പെട്ടിരിക്കുന്നതായി കാണുന്നതിനാൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്ന് 300/- രൂപ വീതം 2 വർഷത്തേക്ക് കുറവ് വരുത്താമെന്ന താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിക്കുകയും പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിനു മുമ്പ്

ഇക്കാര്യത്തിൽ ബഹു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരാമർ ശം ( 7 ) പ്രകാരം ബഹു. കമ്മീഷൻ സർക്കാരിന്റെ താത്കാലിക തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ചിതറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. സുരേഷ് കുമാറിനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി . ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്താമെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. എസ്. സുരേഷ് കുമാർ. മുൻ സെക്രട്ടറി, ചിതറ ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/784/2018/വിജി. തീയതി 27.11.2018 പ്രകാരം)
9. വിവര. പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/162/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S S
Date: 2020.08.06 16:57:27 IST
Reason: Approved
സെക്ഷൻ ഓഫീസർ